**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഉപയോഗശൂന്യമായ ശൗചാലയങ്ങൾ സെപ് റ്റിക് ടാങ്ക് സഹിതം പുനർ നിർമ്മിക്കുന്നതിനായി ഫണ്ട് ചെലവഴിക്കുന്നതിന്, 2018-ലെ പ്രളയത്തോടനുബന്ധിച്ച് നൽകിയിട്ടുള്ള അനുമതികൾ ഈ വർഷവും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

**G.O.(Rt)No.2128/2019/LSGD** തീയതി,തിരുവനന്തപുരം, 30/09/2019

---

പരാമർശം:- 1 07.11.2018- ലെ സ.ഉ.(സാധാ)നം 2851/2018/ത.സ്വ.ഭ.വ.

2 17.12.2018- ലെ സ.ഉ.(സാധാ)നം 3163/2018/ത.സ്വ.ഭ.വ.

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2859/A/2019/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2018-ലെ പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗശൂന്യമായ ശൗചാലയങ്ങൾ സെപ് റ്റിക് ടാങ്ക് സഹിതം പുനർനിർമ്മിക്കുന്നതിന് നഗരസഭയിലെ എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും ആയതിനുള്ള ചെലവിലേക്കായി സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും 6667 രൂപയും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റിവച്ചിരിക്കുന്ന തുകയിൽ നിന്നും (പ്ലാൻ ഫണ്ടിന്റെ 15% തുക) ചെലവഴിക്കുന്നതിനും അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.2018-ലെ പ്രളയത്തെ തുടർന്ന് ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ കുടുംബങ്ങളുടെ പൂർണമായോ ഭാഗികമായോ തകർന്നുപോയ ശൗചാലയങ്ങൾ സെപ് റ്റിക് ടാങ്ക് ഉൾപ്പടെ പുനർ നിർമ്മിക്കുന്നതിന് ടോയ്‌ലെറ്റ് ഒന്നിന് 5000/- രൂപ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും ശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പ്ലാനിൽ ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന തുകയിൽ (പ്ലാൻഫണ്ടിന്റെ 10% തുക) നിന്നും ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2019 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഗ്രാമപ്രദേശങ്ങളിൽ 3181 ശൗചാലയങ്ങൾ പൂർണമായും 5964 ശൗചാലയങ്ങൾ ഭാഗികമായും, നഗരപ്രദേശങ്ങളിൽ 1145 ശൗചാലയങ്ങൾ പൂർണ്ണമായും 1137 ശൗചാലയങ്ങൾ ഭാഗികമായും തകർന്നു പോയിട്ടുള്ള സാഹചര്യത്തിൽ ഉപയോഗശൂന്യമായ ശൗചാലയങ്ങൾ പുനർനിർമ്മിക്കുന്നതിന് ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-ലെ പ്രളയത്തെ തുടർന്ന് ഉപയോഗശൂന്യമായ ശൗചാലയങ്ങൾ സെപ് റ്റിക് ടാങ്ക് സഹിതം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് പരാമർശം (1) & (2) സർക്കാർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുള്ള അനുമതികൾ, 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തെ തുടർന്ന് ഉപയോഗശൂന്യമായ ശൗചാലയങ്ങൾ സെപ് റ്റിക് ടാങ്ക് സഹിതം പുനർനിർമ്മിക്കുന്നതിനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.09.30 15:52:16 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്